LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി : സർ, ആഭ്യന്തര വകുപ്പുമന്ത്രി സംസാരിച്ച കൂട്ടത്തിൽ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചാണ്. പ്രതിപക്ഷാംഗം എന്ന നിലയിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തു കൊണ്ടുള്ള എന്റെ പ്രവർത്തനം ഈ സഭയിൽ നടത്തുന്നത് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് എനിക്ക് മനസിലായി. അദ്ദേഹത്തിന്റെ കോംപ്ലിമെന്റ് ഏറ്റവും നല്ല കാര്യമായിത്തന്നെ സ്വീകരിക്കുകയാണ്. ഒരു ബുദ്ധിമുട്ടുമുണ്ടാക്കാതെ പ്രതിപക്ഷത്തിരിക്കുന്ന ആളുകളെക്കുറിച്ച് നല്ല അഭിപ്രായം ഒരുപക്ഷേ അദ്ദേഹത്തിനുണ്ടായിരിക്കും. അതുകൊണ്ട് എനിക്കൊരു കുഴപ്പവുമില്ലായെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ അതൊരു ലൈറ്റർ വേയിൽ പറഞ്ഞതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാനും തമാശയിൽത്തന്നെ പറഞ്ഞതാണ്.

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ ഏത് മിനിസ്റ്റർക്കുള്ളതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പറഞ്ഞുവരുമ്പോൾ അങ്ങേയ്ക്കത് മനസിലാകും.

മി. സ്പീക്കർ: അങ്ങ് രണ്ട് വിഷയം രണ്ട് മന്ത്രിമാർക്ക് തന്നിരിക്കുകയാണ്. തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കരുത്.

(8) കടിവെള്ളക്ഷാമം

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ മൂന്ന് ദിവസമായി എം.എൽ.എ. ക്വാർട്ടേഴ്സിൽ വെള്ളമില്ല. ഇവിടെ വന്നിരിക്കുന്ന പല എം.എൽ.എ. മാർക്കും ഇന്നലെ കുളിക്കാതെ സഭയിൽ വരേണ്ടിവന്നു. ബഹുമാനപ്പെട്ട അങ്ങ് ഇതറിയുന്നുണ്ടോ? (പത്രം ഉയർത്തിക്കാട്ടി) ഇന്നത്തെ മെട്രോ മനോരമയിലെ വാർത്തയാണിത് - 'മൂന്നാം ദിവസവും പരമ ദ്രോഹം; വെള്ളമില്ലാത്ത നഗരം.' ഇതിനൊരു പരിഹാരം കാണണം. അടിയന്തരമായി ജലവിഭവ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചു കൂട്ടണം. എം.എൽ.എ. ക്വാർട്ടേഴ്സിൽ വെള്ളമെത്തിക്കണം. നഗരവാസികളെ ഈ പരമദ്രോഹത്തിൽ നിന്നും രക്ഷപ്പെടുത്തണം. കരമനകളയിക്കാവിള .....

മി. സ്പീക്കർ : ഒരു മന്ത്രിക്കുള്ള സബ്മിഷൻ മാത്രമേ ഉന്നയിക്കാവൂ. അങ്ങ് ആദ്യം ഉന്നയിച്ചത് സബ്മിഷനല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി : സർ, അത് അങ്ങ് ചോദിച്ച കാര്യം പറഞ്ഞതാണ്. ഞാൻ സബ്മിഷൻ ചോദിച്ചില്ല.

മി. സ്പീക്കർ : അങ്ങയുടെ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മറുപടി പറയട്ടെ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,....

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ സബ്മിഷൻ അവതരിപ്പിക്കട്ടെ.

മി. സ്പീക്കർ : അങ്ങ് സബ്മിഷൻ അവതരിപ്പിച്ചു കഴിഞ്ഞു. അതിന് മറുപടി പറയുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റ് കഴിഞ്ഞു.

ശ്രീ. വി. ശിവൻകുട്ടി : സർ, നിർമ്മാണപ്രവർത്തനം തുടങ്ങി ഒരു വർഷം കഴിഞ്ഞിട്ടും കരമന-കളിയിക്കാവിള ദേശീയപാതാ വികസനം എങ്ങുമെത്താതെ അനിശ്ചിതത്വത്തിലാണ്. 2014 ഒക്ടോബർ മാസം 24-ാം തീയതിയാണ് കരമന - കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാം റീച്ചായ നേമം നിയോജകമണ്ഡലത്തിലെ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 5.5 കിലോമീറ്റർ റോഡിന്റെ നിർമ്മാണ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചത്.

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടിയുടെ സബ്മിഷൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കല്ല. പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിന് മറുപടി പറയരുത്. ഇത് ശരിയായ കീഴ്വഴക്കമല്ല. ആദ്യം ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അരുവിക്കരയിൽ നിന്നും 288 എം.എൽ.ഡി. ശുദ്ധജലമാണ് നൽകുന്നത്. അതിൽ 72 എം.എൽ.ഡി. പ്ലാന്റിൽ കാലപ്പഴക്കംകൊണ്ട് പുതിയ ജലസംഭരണിയുണ്ടാക്കേണ്ടിവന്നു. പുതിയതായി നിർമ്മിച്ച ജലസംഭരണിയിലേയ്ക്ക് വെള്ളം എത്തിക്കുവാൻവേണ്ടി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന ജോലിക്കുവേണ്ടിയാണ് 24 മണിക്കൂർ പമ്പിംഗ് നിർത്തിവയ്ക്കേണ്ടിവന്നത്. ഇത് ഒഴിവാക്കാൻ സാധിക്കുന്ന കാര്യമല്ല. അത് ആദ്യമേതന്നെ എല്ലാവരെയും അറിയിക്കുകയും ചെയ്തിരുന്നു. ഞാൻ എഞ്ചിനീയർമാരുടെ യോഗം വിളിച്ചിരുന്നു. പ്രസ്തുത ജോലി പൂർത്തിയാക്കി. ഇപ്പോൾ എം.എൽ.എ. ക്വാർട്ടേഴ്സ് ഉൾപ്പെടെ എല്ലായിടത്തും വെള്ളം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി ഉന്നയിച്ചത് വളരെ സീരിയസായ വിഷയമാണ്. വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് നിർത്തിയപ്പോൾ സ്വാഭാവികമായും എം.എൽ.എ. ക്വാർട്ടേഴ്സിലും വെള്ളം കിട്ടാതെ വന്നു. അത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ വാട്ടർ അതോറിറ്റിയോട് ലോറികളിൽ വെള്ളം എത്തിക്കാൻ ആവശ്യപ്പെട്ടു. വാട്ടർ അതോറിറ്റി ലോറികളിൽ എം.എൽ.എ. ക്വാർട്ടേഴ്സിൽ വെള്ളം എത്തിച്ചു. ഒന്നോ രണ്ടോ ഫ്ലാറ്റുകളിൽ മാത്രമാണ് അൽപ്പം ബുദ്ധിമുട്ട് വന്നത്.

(9) താനൂർ ഫിഷിംഗ് ഹാർബർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി 2014 ഫെബ്രുവരിയിൽ ആരംഭിച്ചതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ഇൻബോർഡ് വള്ളങ്ങളുള്ള തീരങ്ങളിലൊന്നായ താനൂരിൽ മൽസ്യബന്ധന ഉറമുഖത്തിന്റെ പ്രവൃത്തി മുഖ്യമന്ത്രി തറക്കല്ലിട്ടതുമുതൽ ഒരു ദിവസംപോലും നിശ്ചലമായിരുന്നില്ല. എന്നാൽ ബ്രേക്ക് വാട്ടറിന്റെ പ്രവൃത്തി ഏകദേശം 70 ശതമാനത്തോളം പൂർത്തീകരിച്ചതിനുശേഷം ഇപ്പോൾ പ്രവൃത്തി നിശ്ചലമായിരിക്കുകയാണ്. കടലിന്റെ ആഴം തിട്ടപ്പെടുത്തുന്നതിൽവന്ന വ്യതിയാനംമൂലം കല്ല് തികയാതെ വന്നിരിക്കുന്നുവെന്നാണ് കരാറുകാരൻ പറയുന്നത്. ഭരണാനുമതി ലഭിച്ച വാർഫും ഓഷ്യൻവാളും ബ്രേക്ക് വാട്ടറും പൂർത്തീകരിക്കാതെ പ്രവൃത്തി നടത്താനാവില്ലെന്നും അറിയിക്കുന്നു. ബ്രേക്ക് വാട്ടർ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ വാർഫും ഓഷ്യൻവാളും പ്രവൃത്തി നടത്താനാകൂ. കേന്ദ്രസർക്കാരിലേയ്ക്ക് അയച്ച കോംപ്രിഹെൻസീവ് റിപ്പോർട്ടിന് ഇതുവരെ അനുമതിയായിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ ഭരണാനുമതി ലഭിച്ച 44 കോടിരൂപയുടെ പ്രവൃത്തി തുടരുന്നതിനുള്ള സാങ്കേതിക പ്രയാസങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും കേന്ദ്രാനുമതിയുടെ കാലതാമസം ഒഴിവാക്കുന്നതിനും പ്രവൃത്തി നിശ്ചലമാകാതെ അനുസ്യൂതം തുടരുന്നതിനും സംസ്ഥാനസർക്കാർ നടപടി എടുക്കണമെന്ന് ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 75 ശതമാനം കേന്ദ്രധനസഹായ പദ്ധതിയിലുൾപ്പെടുത്തി 4,487 ലക്ഷം രൂപയുടെ ഭരണാനുമതി 30-1-2013-ന് നൽകിയതാണ്. അതിന്റെ നിർമ്മാണപ്രവർത്തനം മുടങ്ങാതെ നടന്നു കൊണ്ടിരിക്കുകയായിരുന്നു.